ടെലഫോൺ :2721278

എൻ.സി.സി ഡയറക്ടറേറ്റ്
(കേരളവും ലക്ഷദ്വീപും)
സംസ്ഥാന വിഭാഗം
തിരുവനന്തപുരം

നമ്പർ.120/ബി3-എസ്റ്റാ/എൻ.സി.സി/2020

05 ജനുവരി 2021

അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി

എല്ലാ ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സുകൾക്കും

സർ,

**വിഷയം: പ്രിസം (PRISM) സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി പെൻഷൻ അപേക്ഷകൾ സമർപ്പിക്കുന്നത് - സംബന്ധിച്ച്.**

സൂചന : ഈ കാര്യാലയത്തിലെ 10/12/2020 –ലെ ഇതേ നമ്പർ സർക്കുലർ കത്ത്.

1. മേൽ സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മേൽ സൂചനയിലെ ഖണ്ഡിക I (iii) പ്രകാരം എല്ലാ ഓഫീസുകളും ഓഫീസ് ഉപയോക്താവ് (Department user ) നെ 30/12/2020-ന് മുൻപായി രജിസ്റ്റർ ചെയ്യിക്കേണ്ടതാണ് എന്ന് അറിയിച്ചിയിരുന്നെങ്കിലും പല ഓഫീസുകളും നാളിതുവരെ ടി വിഷയം സംബന്ധമായി തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഇക്കാരണത്താൽ എല്ലാ ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സുകളിലും താങ്കളുടെയും താങ്കളുടെ അധീനതയിലുള്ള എല്ലാ എൻ.സി.സി ഓഫീസുകളിലും പെൻഷൻ സംബന്ധമായ ഫയൽ കൈകാര്യം ചെയ്യുന്ന സീറ്റിലെ ഉദ്യോഗസ്ഥൻ/ജൂനിയർ സൂപ്രണ്ടിനെ ഓഫീസ് ഉപയോക്താവ് (ഡിപ്പാർട്ട്മെന്റ് യൂസർ) ആയി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി ടി വിവരം 22/01/2021-ന് മുൻപായി രേഖാമൂലം ഈ കാര്യാലയത്തെ അറിയിക്കേണ്ടതാണ്.

2) മേൽ സൂചനയിലെ ഖണ്ഡിക 3 പ്രകാരം വിരമിക്കുന്ന ജീവനക്കാരന്റെ ലിസ്റ്റ് തയ്യാറാക്കി കൃത്യ സമയങ്ങളിൽ അയക്കുന്നുണ്ടെന്നുള്ള വിവരങ്ങൾ പരിശോധിച്ച് അതാത് സമയങ്ങളിൽ തുടർ നടപടികൾ കാലതാമസം കൂടാതെ സ്വീകരിക്കേണ്ടതാണെന്ന് ഒരിക്കൽ കൂടി ഓർമ്മപ്പെടുത്തുന്നു.

വിശ്വസ്തതയോടെ

(കെ അനിൽകുമാർ)
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
അഡീഷണൽ ഡയറക്ടർ ജനറൽ
എൻ.സി.സിക്കു വേണ്ടി

<u>പകർപ്പ് :-</u>

എല്ലാ എൻ.സി.സി ഓഫീസുകൾക്കും - തുടർ നടപടികൾക്കായി

**